14 -ാം കേരള നിയമസഭ

22 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1331 — 18-01-2021 - ൽ മറുപടിയ്ക്ക്

## എച്ച്. എസ്.എസ്.ടി തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | 2019 മാർച്ച് 31 ന് ശേഷം വിരമിക്കൽ മൂലമുണ്ടായ എച്ച്. എസ്.എസ്.ടി തസ്തികയിലെ ഒഴിവുകൾ പി.എസ്.സി- ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; എച്ച്. എസ്.എസ്.ടി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണിക്കാമോ; | (എ) | എച്ച്.എസ്.എസ്.റ്റി തസ്തികയിലെ റിട്ടയർമെന്റ് ഒഴിവുകൾ യോഗ്യരായ എച്ച്.എസ്.എസ്.റ്റി ജൂനിയർ അദ്ധ്യാപകരിൽ നിന്നും തസ്തികമാറ്റം (By Transfer) മുഖേനയാണ് നിയമനം നടത്തുന്നത്. യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ ടി ഒഴിവുകൾ 1:3 അനുപാതത്തിൽ ബൈ ട്രാൻസ്ഫർ/നേരിട്ട് നിയമനത്തിനായി പി.എസ്.സി യ്ക്ക് ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാർ മേഖലയിൽ 2014 -ന് ശേഷം അനുവദിക്കപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾക്ക് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 31.08.2014 തീയതിയിലെ സ.ഉ (എം.എസ്) നം.143/2014/പൊ.വി.വ പ്രകാരം 2014-2015 അദ്ധ്യയന വർഷം കുറഞ്ഞത് 40 കുട്ടികളും 2015-ൽ അദ്ധ്യയന വർഷം കുറഞ്ഞത് 50 കുട്ടികളും ഒരു ബാച്ചിൽ ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ടി വ്യവസ്ഥ പാലിക്കാത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളെ തസ്തിക നിർണ്ണയ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടില്ല. തുടർന്നും തുടർച്ചയായ മൂന്ന് വർഷം 50 കുട്ടികൾ ഉണ്ടെങ്കിൽ ടി സ്കൂളുകളെ ഉൾപ്പെടുത്തി തസ്തിക നിർണ്ണയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ഒഴിവാക്കപ്പെട്ട സ്കൂളുകളെ പരിഗണിച്ചപ്പോൾ ഒരു സ്കൂളുകളിലും മതിയായ എണ്ണം വിദ്യാർത്ഥികൾ ഉള്ളതായി കണ്ടില്ല. ഇത് സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ സി) വകുപ്പിന്റെ ഉപസി3/149/2018 ഉപഭവ 10/08/2018 പരിപത്രം പ്രകാരം 2019 കലണ്ടർ വർഷത്തേയും ഉപസി3/101/2019 ഉപഭവ 20/09/2019 പരിപത്രം പ്രകാരം 2020 കലണ്ടർ വർഷത്തേയും എത്ര പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചും റിപ്പോർട്ട് ചെയ്ത തീയതി അനുസരിച്ചുമുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (സി) | 10.08.2018-ലെ ഉപസി3/149/2018/ഉപഭവ നമ്പർ പരിപത്രം പ്രകാരം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലെ 230 ഒഴിവുകൾ (എച്ച്.എസ്.എസ്.റ്റി വിരമിക്കൽ മൂലം ഉണ്ടാകുന്നത്) പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഒഴിവുകൾ നിലവിൽ വന്ന തീയതി രേഖപ്പെടുത്താൻ കഴിയാത്തതിനാൽ മേൽ ഒഴിവുകൾ പി.എസ്.സി തിരികെ നൽകിയിരുന്നു. |

| | | | |
|---|---|---|---|
| | | | തുടർന്ന് എച്ച്.എസ്.എസ്.റ്റി (ജൂനിയർ) തസ്തികയിൽ നിന്ന് എച്ച്.എസ്.എസ്.റ്റി നിയമനം നടത്തിയ ശേഷം മേൽ ഒഴിവുകൾ നിലവിൽ വന്ന തീയതി സഹിതം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 20.09.2019-ലെ ഉപസി3/101/2015/ ഉപഭവ പരിപത്ര പ്രകാരം പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സിയ്ക്ക് കൊറോണ സാഹചര്യം കാരണം റിപ്പോർട്ട് ചെയ്തിരുന്നില്ല എന്നാൽ 2020-ലെ വിരമിക്കൽ മൂലമുണ്ടായ പ്രസ്തുത ഒഴിവുകൾ നിലവിൽ വന്ന മുറയ്ക്ക് ആയത് നികത്തുന്നതിനും ജൂനിയർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. ഒഴിവുകൾ സംസ്ഥാന തല അടിസ്ഥാനത്തിൽ കണക്കാക്കപ്പെടുന്നതിനാൽ ജില്ല തിരിച്ചുള്ള ഒഴിവ് വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ